# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4922** — **22.05.2017-ൽ മറുപടിയ്ക്ക്**

## മുല്ലശ്ശേരി പഞ്ചായത്തിലെ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി:** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിനു അതാത് പഞ്ചായത്തുകളുടെ റെസല്യൂഷനും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും,ധനകാര്യ വകുപ്പിന്റേയും അനുമതിയും ആവശ്യമാണ്. ഈ റോഡുകൾ 8 മീറ്റർ വീതിയുള്ളതും, കുറഞ്ഞത് 2 പഞ്ചായത്തുകൾ വഴി കടന്നു പോകുന്നതും, 2 പൊതുമരാമത്ത് വകുപ്പ്റോഡുകളെ ബന്ധിപ്പിക്കേണ്ടതും, റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതുമായിരിക്കണം. നയപരമായ തീരുമാനം ആകയാൽ മന്ത്രിസഭാ സമിതിയുടെ അംഗീകാരവും ആവശ്യമാണ്. |
| (ബി) | തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ അന്നകര - കോക്കൂർ റോഡ്, മുല്ലശ്ശേരി - താണവീഥി - പറപ്പൂർ റോഡ് എന്നിവ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാൻ തയ്യാറാവുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ